بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**
**സംഗ്രഹം**
**28-11-2025**

# കഅബ് ബ്നു മാലിക്കി(റ)ന്റെ തൗബ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۝
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാതിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹസൂർ അൻവർ(അയ്യദഹുല്ലാഹ്) പ്രസ്താവിച്ചു:

തബൂക്ക് യാത്രയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന കൂടുതൽ വിശദാംശങ്ങൾ ഇന്ന് ഞാൻ വിവരിക്കുന്നതാണ്. ചില മുനാഫിക്കുകൾ യുദ്ധത്തിന് പോകാൻ വിസമ്മതിക്കുകയും പലതരം ഒഴികഴിവുകൾ പറയുകയും ചെയ്തത് കഴിഞ്ഞ ഖുതുബയിൽ ഞാൻ വിവരിച്ചിരുന്നു. എന്നാൽ മദീനയിൽ തിരിച്ചെത്തിയ ശേഷവും മുനാഫിക്കുകൾ കൂടെപോകാതിരുന്നതിന് ന്യായീകരണങ്ങളും ഒഴികഴിവുകളും പറയുന്നതായി കാണാം. ഇതിനെക്കുറിച്ച് വിശുദ്ധ ഖുർആനിലും പരാമർശമുണ്ട്. നബിതിരുമേനി (സ) ഒരു യാത്ര കഴിഞ്ഞ് മദീനയിൽ തിരിച്ചെത്തിയാൽ ആദ്യം പള്ളിയിൽ പോയി രണ്ട് റക്അത്ത് നമസ്കരിക്കുക എന്നത് അവിടുത്തെ ചര്യയായിരുന്നു.അങ്ങനെ,നവാഫിൽ(ഐച്ഛിക നമസ്കാരം) പൂർത്തിയാക്കിയ ശേഷം അവിടുന്ന് പള്ളിയിൽ തന്നെ ഇരുന്നു. ആളുകൾ തിരുമേനി(സ)യെ സന്ദർശിക്കാനും കാണാനും വേണ്ടിഎത്തിത്തുടങ്ങി.അതുപോലെ,വിശ്വാസ ദൗർബല്യവും കപടതയും കാരണം യാത്രയിൽ പങ്കെടുക്കാത്തവരും വരാൻ തുടങ്ങി. ചരിത്രകാന്മാരുടെ അഭിപ്രായത്തിൽ അവർ എൺപതോളം പേരുണ്ടായിരുന്നു. എന്നാൽ അതിലും കൂടുതൽ ആളുകളുണ്ടായിരുവെന്നാണ് ചില നിവേദനങ്ങൾ പറയുന്നത്. നബിതിരുമേനി (സ) അവരുടെ ബാഹ്യമായ ഒഴികഴിവുകൾ വിശ്വസിക്കുകയും അവരിൽ നിന്ന് ബൈഅത്ത് വാങ്ങുകയും അവർക്കുവേണ്ടി പാപമോചനത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു. അവരുടെ ആന്തരികമായ കാര്യം അല്ലാഹുവിന് വിട്ടുകൊടുത്തു.

എന്നാൽ ഈ മുനാഫിക്കുകളുടെ കുറ്റം മാപ്പർഹിക്കാത്തതായിരുന്നു. ദൈവം ഇനി ഇവരോട്പ്രതീപ്പെടാതിരിക്കുമാറ് ഇവർ അങ്ങേയറ്റം ദുഷിച്ചവരാണെന്ന് അല്ലാഹു വെളിപാടു വഴി നബി (സ)ക്ക് അറിയിച്ചുകൊടുത്തു. ഇത്തരം ആളുകളെക്കുറിച്ച് സൂറത്തു തൗബയിൽ അല്ലാഹു വിവരിച്ചു കൊടുത്തു. തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാതിരുന്നവരുടെ മേൽ അല്ലാഹു കടുത്ത കോപം പ്രകടിക്കുകയും അവർ ദുഷ്കർമികളാണെന്ന് പറയുകയും ചെയ്തു. അവർക്കായി ജനാസ നമസ്കാരം നിർവഹിക്കുന്നതിൽനിന്നും അരുടെ കബറിൽ ചെന്ന് പ്രാർഥിക്കുന്നതിൽനിന്നും നബിതിരുമേനി(സ)യെ വിലക്കി. ഇനിമേൽ അവർ ഒരു

ഉദ്യമത്തിലും ഭാഗഭാക്കാകുകയോ ഒരു യുദ്ധ ത്തിലും ചേരുകയോ ചെയ്യില്ല എന്ന നിരോധവും ഏർപ്പെടുത്തി.

നാലുതരം ആളുകളാണ് തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാതിരുന്നത്. ഒന്ന്, റസൂലുല്ലാഹി (സ) യുടെ കൽപ്പനപ്രകാരം ഏതെങ്കിലും നിർബന്ധ കടമ നിർവ്വഹിക്കാനായി മാറി നിന്നവർ. ഉദാ ഹരണത്തിന്: ഹദ്റത്ത് അലി(റ), ഇബ്നു ഉമ്മെ മക്തൂം (റ), മുഹമ്മദ് ബ്നു മസ്‌ലമ (റ) തുടങ്ങിയവർ. രണ്ടാമത്തെ വിഭാഗം ദുർബ ലരും രോഗികളുമായ ആളുകളാണ്. വളരെ നിർ ധനരും ദരിദ്രരുമായ അവർ യാത്രാവാഹനം ഒരുക്കാൻ കഴിവില്ലാത്തവരായിരുന്നു. അവർ എല്ലായിടത്തും ഞങ്ങളോടൊപ്പം ഉണ്ടായി രുന്നു എന്നാണ് നബിതിരുമേനി(സ) അവരെ ക്കുറിച്ച് പറഞ്ഞത്. മൂന്നാമത്തെ വിഭാഗം മുനാ ഫിക്കുകളാണ്. ഇവരുടെ പ്രവർത്തനത്തെ ഖുർ ആൻകഠിനമായിഅപലപിച്ചിരിക്കുകയാണ്.ഇവ രോടുള്ള അതൃപ്തിയും കഠിനമായ ശിക്ഷയും മുന്നറിയിപ്പും ഉൾക്കൊള്ളുന്ന കൽപ്പനകൾ ഖുർആനിൽ എന്നെന്നേക്കുമായി അവതരിച്ചു. നാലാമത്തെ വിഭാഗം ആളുകളാകട്ടെ, കേവലം അലസത കാരണം പങ്കെടുക്കാതിരുന്നവ രാണ്. അവർ പിന്മാറി നിന്നു. ഇവരിൽ മൂന്ന് സ്വഹാബിമാർ പ്രത്യേകം എടുത്തു പറയേ ണ്ടവരാണ്: ഹദ്റത്ത് കഅബ് ബ്നു മാലിക് (റ),ഹദ്റത്ത് മുറാറത്ത് ബ്നു റബീഅ(റ), ഹദ്റത്ത് ഹിലാൽ ബ്നു ഉമയ്യ (റ). ഈ മൂന്ന് സ്വഹാബിമാരെക്കുറിച്ച് ഖുർആനിക വചനം അവതരിച്ചു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: عَلَى الثَّلٰثَةِ الَّذِيْنَ خُلِّفُوا അതായത് മാറ്റി നിറുത്തപ്പെട്ട മൂന്ന് പേർ എന്നതിന്റെ വിശദീകരണമെന്ന നിലയിൽ ബുഖാരിയിലെ ഒരു നിവേദനത്തിൽ ഹദ്റത്ത് കഅബ് ബ്നു മാലിക് (റ) തന്നെ മുഴുവൻ സംഭവവും വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: നബിതിരുമേനി(സ)യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. തിരുമേനിയോ ടൊപ്പം മുസ്‌ലീങ്ങളും തയ്യാറെടുപ്പുകൾ നടത്തി. പോകാൻ ഞാൻ ഉറച്ചിരുന്നു.എന്നാൽ അലസത കാരണം തയ്യാറെടുപ്പ് നടന്നില്ല. ഞാൻ അത് നീട്ടി വച്ചുകൊണ്ടിരുന്നു. അങ്ങനെ നബി തിരുമേനി(സ) രാവിലെ യാത്ര പുറപ്പെട്ടു. പക്ഷേ, ഞാൻ എന്റെ യാത്രയ്ക്ക് വേണ്ടി തയാറെടുപ്പൊന്നും നടത്തിയിരുന്നില്ല. നബി തിരുമേനി(സ) പോയിക്കഴിഞ്ഞ് ഒന്നോ രണ്ടോ ദിവസംകൊണ്ട് തയ്യാറെടുപ്പുകൾ നടത്തി അവരോടൊപ്പം ചേരാമെല്ലോ എന്നു ഞാൻ കരുതി. അങ്ങനെ ഞാൻ ചിന്തിച്ചുകൊണ്ടിരുന്നു. ഒടുവിൽ സൈന്യം അതിവേഗം സഞ്ചരിച്ച് വളരെ മുന്നോട്ട് പോയി. നബിതിരുമേനി (സ) പോയതിന് ശേഷം ഞാൻ പുറത്തിറങ്ങുകയും ആളുകൾക്കിടയിലൂടെ നടക്കുകയും ചെയ്യു മ്പോൾ, കപടവിശ്വാസത്തിന്റെ കുറ്റം ചുമത്ത പ്പെട്ടവരെയോ അല്ലാഹു ഒഴിവുകഴിവ് നൽ കിയ ദുർബ്ബലരായ ആളുകളെയോ മാത്രം കണ്ട് ഞാൻ ഏറെ വിഷമിച്ചു.

ഹദ്റത്ത് കഅബ് ബ്നു മാലിക്(റ) പറയുന്നു: അവിടുന്ന് തിരിച്ചു വരുന്നു എന്ന് ഞാൻ അറി ഞ്ഞപ്പോൾ ഞാൻ ഉത്കണ്ഠാകുലനായി. നാളെ അവിടുത്തെ നീരസത്തിൽനിന്ന് രക്ഷ പ്പെടാൻ വല്ല നുണയും പറഞ്ഞാലോ എന്ന് ചിന്തിച്ചു.

എന്നാൽ, നബിതിരുമേനി(സ) എത്തിച്ചേ ർന്നു എന്ന് പറഞ്ഞപ്പോൾ, നുണയെ സംബ ന്ധിച്ച ചിന്തകളെല്ലാം എന്റെ മനസ്സിൽനിന്ന് അപ്രത്യക്ഷമായി. നുണ പറഞ്ഞുകൊണ്ട് തിരു മേനിയുടെ നീരസത്തിൽ നിന്ന് രക്ഷപ്പെടാൻ എനിക്ക് ഒരിക്കലും കഴിയില്ലെന്ന് ഞാൻ മനസ്സിലാക്കി. അതിനാൽ, നബിതിരുമേനിയോട് സത്യം തുറന്നുപറയാൻ ഞാൻ തീരുമാനിച്ചു. നബിതിരുമേനി (സ) മദീനയിൽ എത്തി യതോടെ യുദ്ധത്തിൽ പങ്കെടുക്കാതിരുന്ന ആളുകൾ അവിടുത്തെ അടുത്ത് വന്ന് ഒഴി വുകഴിവുകൾ പറയാനും സത്യം ചെയ്യാനും തുടങ്ങി. ഈ ആളുകൾ എൺപതിലധികം ഉണ്ടായിരുന്നു. നബിതിരുമേനി(സ) അവരുടെ ബാഹ്യമായ ഒഴിവുകഴിവുകൾ സ്വീകരിക്കു കയും അവരിൽ നിന്ന് ബൈഅത്ത് വാങ്ങു കയും ചെയ്തു. അതിനുശേഷം, ഞാൻ നബിതിരുമേനിയുടെ അടുത്തേക്ക് വന്നു. ഞാൻ തിരുമേനിയോട് സലാം പറഞ്ഞപ്പോൾ, അവിടുന്ന് നീരസം കലർന്ന ഒരു പുഞ്ചിരി നൽകി. അവിടുന്ന് എന്നോട് ചോദിച്ചു:

എന്തുകൊണ്ടാണ് പങ്കെടുക്കാതിരുന്നത്? നീ വാഹനം വാങ്ങിയിരുന്നില്ലേ?ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അല്ലാഹുവാണെ സത്യം! അങ്ങൊഴിച്ച് ലോകത്തെ മറ്റൊരാളുടെ മുന്നിലായിരുന്നു ഞാനെങ്കിൽ, ഒരു ഒഴിവു കഴിവ് പറഞ്ഞ് ഞാൻ തീർച്ചയായും അദ്ദേഹത്തിന്റെ അതൃപ്തിയിൽ നിന്ന് രക്ഷപ്പെടുമായിരുന്നു. കാരണം എനിക്ക് വാക്സാമർഥ്യമുണ്ട്. പക്ഷേ, അല്ലാഹുവാണെ സത്യം! ഞാൻ ഇന്ന് അങ്ങയോട് ഒരു നുണ പറഞ്ഞാൽ, അങ്ങ് എന്നോട് തൃപ്തനായാലും അല്ലാഹു ഉടൻ തന്നെ അങ്ങേയ്ക്ക് എന്നെക്കുറിച്ച് അത് അറിയിച്ചു തന്നേക്കും. എന്നാൽ ഞാൻ സത്യം തുറന്നുപറയുകയാണെങ്കിൽ, അതിലൂടെ അങ്ങ് എന്നോട് അതൃപ്തനാകുമെങ്കിലും, അല്ലാഹുവിന്റെ മാപ്പ് ഞാൻ പ്രതീക്ഷിക്കുന്നു.

അദ്ദേഹം തുടർന്നു: ഇല്ല, അല്ലാഹുവാണെ സത്യം! എനിക്ക് ഒരു ഒഴികഴിവുമില്ലായിരുന്നു. അല്ലാഹുവാണെ സത്യം! അങ്ങയോടു കൂടെ ചേരാതെ നിന്ന ആ സമയത്തോളം ഞാൻ ഒരിക്കലും ഇത്ര കായികബലമുള്ളവനും സുമ്പന്നനും. ഇതുകേട്ട് റസൂലുല്ലാഹി (സ) പറഞ്ഞു: ഇവൻ സത്യം പറഞ്ഞിരിക്കുന്നു.

അവിടുന്ന് കൽപ്പിച്ചു: എഴുന്നേറ്റ് പോയിക്കൊള്ളൂ. നിന്റെ കാര്യത്തിൽ അല്ലാഹു ഒരു തീരുമാനമെടുക്കുന്നത് വരെ കാത്തിരിക്കുക. എന്നെക്കൂടാതെ, മുറാറ ബ്നു റബീഅ് ഉമരിയും ഹിലാലിബ്നു ഉമയ്യയും ഞാൻ പറഞ്ഞതു പോലെ തന്നെയാണ് നബിതിരുമേനിയോട് പറഞ്ഞത്. എനിക്കു ലഭിച്ച മറുപടിതന്നെ അവർക്കും ലഭിക്കുകയുണ്ടായി. ഹദ്റത്ത് കഅ്ബ് പറയുന്നു: അതിനിടയിൽ ഗസ്സാനിലെ രാജാവിന്റെ ഒരു കത്ത് എനിക്കു ലഭിച്ചു. അതിൽ ഇപ്രകാരം എഴുതിയിരുന്നു:

നിന്റെ കൂട്ടുകാരൻ നിങ്ങളോട് കാഠിന്യം കാണിച്ചുകൊണ്ട് നിങ്ങളെ ഒറ്റപ്പെടുത്തിയ വിവരം ഞാൻ അറിഞ്ഞിരിക്കുന്നു. നിന്നെ അവഹേളിക്കാനോ പാഴാക്കാനോ വേണ്ടി അല്ലാഹു നിന്നെ അങ്ങനെയൊരു വീട്ടിലല്ല ജനിപ്പിച്ചത്. നീ ഞങ്ങളെ വന്ന് കാണുക. ഞങ്ങൾ നിനക്ക് വേണ്ടത് ചെയ്തു തരാം.

ഈ കത്ത് വായിച്ചപ്പോൾ ഇത് മറ്റൊരു പരീക്ഷണമാണെന്ന് എനിക്ക് മനസ്സിലായി. ഞാൻ ആ കത്തുമായി ഒരു അടുപ്പിനടുത്ത് പോയി അതിലേക്ക് എറിഞ്ഞു.

അമ്പത് രാത്രികളിൽ നിന്ന് നാൽപത് രാത്രികൾ കഴിഞ്ഞപ്പോൾ, നബിതിരുമേനി (സ)യുടെ സന്ദേശവാഹകൻ എന്റെ അടുത്തു വരുന്നത് ഞാൻ കണ്ടു. അദ്ദേഹം പറഞ്ഞു: റസൂലുല്ലാഹി (സ) നിന്നോട് കൽപ്പിക്കുന്നു, നീ നിന്റെ ഭാര്യയിൽ നിന്ന് അകന്നു നിൽക്കുക.

ഞാൻ ചോദിച്ചു: ഞാൻ അവളെ ത്വലാഖ് ചെയ്യണോ, അതല്ലെങ്കിൽ പിന്നെ എന്തുചെയ്യണം?

അദ്ദേഹം പറഞ്ഞു: അവളിൽ നിന്ന് അകന്നുനിൽക്കുക, അവളുടെ അടുത്തേക്ക് പോകരുത്.

എന്റെ രണ്ട് കൂട്ടുകാർക്കും അവിടുന്ന് ഇതേ സന്ദേശം കൊടുത്തയച്ചിരുന്നു.

അമ്പതാം രാത്രി പ്രഭാതത്തിൽ ഞാൻ സുബഹി നമസ്കാരം നിർവഹിച്ചു. ആ സമയത്ത് ഞാൻ എന്റെ വീടുകളിലൊന്നിന്റെ ടെറസിൽ ഇരിക്കുകയായിരുന്നു. അല്ലാഹു വിവരിച്ച അതേ അവസ്ഥയിലായിരുന്നു ഞാൻ: അതായത്, എന്റെ ആത്മാവ് എനിക്ക് ഇടുങ്ങിയതായി തോന്നുകയും ഭൂമി വിശാലമായിരുന്നിട്ടും കൂടി എനിക്ക് ഇടുങ്ങിയതായി അനുഭവപ്പെടുകയും ചെയ്തിരുന്നു. ഈ സമയത്ത് ഒരാൾ ഉച്ചത്തിൽ ഇപ്രകാരം വിളിച്ചു പറയുന്നത് ഞാൻ കേട്ടു: അല്ലയോ കഅബ് ബ്നു മാലിക്! നിനക്ക് സന്തോഷവാർത്ത! ഇത് കേട്ട് ഞാൻ സുജൂദിൽ വീണു. കഷ്ടപ്പാട് നീങ്ങിപ്പോയി എന്ന് ഞാൻ മനസ്സിലാക്കി. ഇതുകേട്ട് ആളുകൾ ഞങ്ങൾക്ക് അഭിനന്ദനം അറിയിക്കാൻ തുടങ്ങി. ഹദ്റത്ത് കഅബ് (റ) പറയുന്നു: അങ്ങനെ ഞാൻ പള്ളിയിൽ എത്തി നബിതിരുമേനി(സ)യോട് സലാം പറഞ്ഞു. തിരുമേനിയുടെ മുഖം സന്തോഷത്താൽ തിളങ്ങുന്നുണ്ടായിരുന്നു. അവിടുന്ന് പറഞ്ഞു: നിന്റെ ഉമ്മ നിന്നെ പ്രസവിച്ച ശേഷം നിന്റെ മേൽ കടന്നുപോയ ദിവസങ്ങളിൽ വെച്ച് ഏറ്റവും നല്ല ദിവസത്തിന്റെ സന്തോഷവാർത്ത അറിയിക്കുന്നു!

ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഈ സന്തോഷവാർത്ത അങ്ങയുടെവകയാണോ അതോ അല്ലാഹുവിൽനിന്നാണോ? അവിടുന്ന് പറഞ്ഞു: അല്ലാഹുവിൽനിന്നുള്ളതാണ്.

ഹുസൂർ പറഞ്ഞു: ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) വിവരിച്ച ഈ സംഭവത്തിന്റെ ബാക്കി ഭാഗം ഇൻഷാ അല്ലാഹ് അടുത്ത തവണ പറയുന്നതാണ്.

ഖുതുബയുടെ അവസാനം ഹുസൂർ തിരുമനസ്സ് ഹാഫിസ് മുഹമ്മദ് ഇബ്രാഹിം ആബിദ് സാഹിബ് മുറബ്ബി സിൽസില, ലൈബീരിയയിലെ മുഅല്ലിം സിൽസിലയായിരുന്ന ഷെയ്ഖ് അബൂബക്കർ ജോർജ് സാഹിബ്, ലൈബീരിയയിലെ ഡോ. ഫസൽ മഹ്മൂദ് ഭന്നുൻ സാഹിബിന്റെ ഭാര്യയായിരുന്ന സമീന ഭന്നുൻ സാഹിബ എന്നിവരെ അനുസ്മരിക്കുകയും അവരുടെ ജനാസ ഗൈബ് നമസ്കരിക്കുന്നതാണെന്ന് വിളംബരം ചെയ്യുകയും മർഹൂമീങ്ങളുടെ പാപാമോചനത്തിനും ഉന്നത പദവികൾക്കും വേണ്ടി ദുആ ചെയ്യുകയും ചെയ്തു.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ
یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ
مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ
وَالْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 28.11.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY BM ARIF
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516